P.R. No.156/2026 Thrissur, 11/08/2026

## പത്രക്കുറിപ്പ്

# 21 സ്ഥാപനങ്ങൾക്ക് ക്യൂ എ എസ് അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

**തൃശ്ശൂർ:** കേരള ആരോഗ്യശാസ്ത്ര സർവകലാശാലയ്ക്ക് (കെ.യു.എച്ച്.എസ്) കീഴിലുള്ള 21 അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്ക് ക്വാളിറ്റി അഷ്വറൻസ് സിസ്റ്റം (ക്യൂ എ എസ് ) അക്രഡിറ്റേഷൻ, റീ അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സർവകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ സർട്ടിഫിക്കറ്റുകളും മെമെന്റോകളും വിതരണം ചെയ്തു. ഇതിൽ 13 സ്ഥാപനങ്ങൾക്ക് ആദ്യമായി അക്രഡിറ്റേഷനും എട്ട് സ്ഥാപനങ്ങൾക്ക് റീഅക്രഡിറ്റേഷനുമാണ് ലഭിച്ചത്.

കെ.യു.എച്ച്.എസ് ക്വാളിറ്റി അഷ്വറൻസ് സിസ്റ്റം (ക്യൂ എ എസ് ) പ്രകാരം അക്രഡിറ്റേഷന് അപേക്ഷിച്ച സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായുള്ള ഗുണനിലവാര പരിശോധനയും വിലയിരുത്തലും പൂർത്തിയാക്കിയ ശേഷമാണ് അക്രഡിറ്റേഷൻ നൽകുന്നത്. മെഡിക്കൽ, ഡെന്റൽ, ഫാർമസ്യൂട്ടിക്കൽ സയൻസസ് വിഭാഗങ്ങളിൽ എട്ട് വീതവും, നഴ്സിങ്ങിൽ 18 ഉം, ആയുർവേദയിലും അലൈഡ് ഹെൽത്ത് സയൻസസിലും ഒന്ന് വീതവും ഉൾപ്പെടെ ആകെ 44 സ്ഥാപനങ്ങൾ നിലവിൽ ക്യൂ എ എസ് അക്രഡിറ്റേഷൻ നേടിയിട്ടുണ്ട്.

2022 മുതലാണ് കേരള ആരോഗ്യശാസ്ത്ര സർവകലാശാല അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്ക് ക്യൂ എ എസ് പ്രകാരമുള്ള അക്രഡിറ്റേഷൻ നൽകിത്തുടങ്ങിയത്. അക്രഡിറ്റേഷന്റെ കാലാവധി മൂന്ന് വർഷമാണ്. കാലാവധി പൂർത്തിയാകുന്ന സ്ഥാപനങ്ങൾ റീഅക്രഡിറ്റേഷനായി വീണ്ടും അപേക്ഷിക്കണം. റീഅക്രഡിറ്റേഷനും അക്രഡിറ്റേഷനു സമാനമായ വിവിധ ഘട്ടങ്ങളിലൂടെയുള്ള പരിശോധനകൾക്ക് ശേഷമാണ് നൽകുന്നത്.

ക്യൂ എ എസ് മാനദണ്ഡങ്ങൾ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ബഹുതല പരിശോധനയും വിലയിരുത്തലുമാണ് നടത്തുന്നതെന്ന് വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ പറഞ്ഞു. സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും പിന്തുണയും നൽകുന്ന ഹാൻഡ്ഹോൾഡിംഗ് സന്ദർശനത്തിന് ശേഷം വിശദമായ പരിശോധനയും നടത്തും. അടിസ്ഥാനസൗകര്യങ്ങൾ, അക്കാദമിക നിലവാരം എന്നിവ ഉൾപ്പെടെ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന നിലവാരം

വിലയിരുത്തിയ ശേഷമാണ് അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

മൂന്ന് വർഷത്തെ അക്രഡിറ്റേഷൻ കാലാവധി പൂർത്തിയാകുമ്പോൾ സ്ഥാപനങ്ങൾ വീണ്ടും സമാനമായ പരിശോധനാ നടപടിക്രമങ്ങളിലൂടെ കടന്നുപോകണം. ഇതിലൂടെ സ്ഥാപനങ്ങളുടെ ഗുണനിലവാരം തുടർച്ചയായി വിലയിരുത്താനും നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കാനും സർവകലാശാല ലക്ഷ്യമിടുന്നു.

നാനൂറിലേറെ അഫിലിയേറ്റഡ് കോളേജുകളുള്ള കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ നിലവിൽ 44 സ്ഥാപനങ്ങളാണ് ക്യൂ എ എസ് മാനദണ്ഡങ്ങൾ പാലിച്ച് അക്രഡിറ്റേഷൻ നേടിയിട്ടുള്ളത്. ആരോഗ്യശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമികവും അടിസ്ഥാനസൗകര്യപരവുമായ നിലവാരം വിലയിരുത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും തുടർച്ചയായ ഗുണനിലവാര മെച്ചപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സർവകലാശാലയുടെ പ്രധാന നടപടികളിലൊന്നാണ് ക്യൂ എ എസ് അക്രഡിറ്റേഷൻ.

അക്രഡിറ്റേഷൻ ലഭിച്ച 13 സ്ഥാപനങ്ങൾക്കും റീഅക്രഡിറ്റേഷൻ ലഭിച്ച എട്ട് സ്ഥാപനങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റുകളും മെമെന്റോകളും വൈസ് ചാൻസലർ വിതരണം ചെയ്തു. ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡോ. സി. പി. വിജയൻ, രജിസ്ട്രാർ പ്രൊഫ. ഡോ. എസ്. ഗോപകുമാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് പ്രൊഫ. ഡോ. എസ്. അനിൽകുമാർ, ഫിനാൻസ് ഓഫീസർ ശ്രീ സുധീർ എം. എസ്., അക്കാദമിക് ഡീൻ ഡോ. ആർ. ബിനോജ്, റിസർച്ച് ഡീൻ ഡോ. കെ. എസ്. ഷാജി എന്നിവർ പങ്കെടുത്തു.

Sd/-

Registrar